# തൊഴിലിനായി വ്യവസായം വേണം, മാലിന്യം കുറയ്ക്കാൻ ഞങ്ങളുമുണ്ടാകും : ഗോപിനാഥ്

കേട്ടെഴുതിയത് : എസ്. ലിമ

**ഉദ്യോഗമണ്ഡലിലെ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡിലെ ജീവനക്കാരനും സി.ഐ.ടി.യു. ജില്ലാ ജോയിന്റ് സെക്രട്ടറിയും സംസ്ഥാന സമിതിയംഗവും സി.പി.ഐ. (എം.) ജില്ലാ കമ്മിറ്റിയംഗവും ഇൻഡാൽ, എച്ച്.ഐ.എൽ., എ.വി.ടി., ട്രാക്കോ കേബിൾസ്, ജി.ടി.എൻ. ടെക്സ്റ്റൈയിൽസ് എന്നീ വ്യവസായശാലകളുടെ തൊഴിലാളി യൂണിയൻ നേതാവുമായ കെ.എൻ. ഗോപിനാഥൻ വിനാശകരമായ മാലിന്യങ്ങളെക്കുറിച്ചും വികസന നിലപാടുകളെക്കുറിച്ചും തുറന്നു സംസാരിക്കുന്നു. കേരളത്തിലെ തൊഴിലാളി / രാഷ്ട്രീയ സംഘടനയുടെ കാഴ്ചപ്പാടും അവസ്ഥയും നമുക്ക് ഇതിലൂടെ കാണാം.**



കെ.എൻ. ഗോപിനാഥ്

*മലിനീകരണം ആദ്യമായിട്ട് ബാധിക്കുന്നത് തൊഴിലാളികളെയാണ്. ആദ്യമായിട്ടും അവസാനമായിട്ടും തൊഴിലാളികളുടെ അറിവോ സമ്മതമോ ഇല്ലാതെ കൂടിയ അളവിൽ അപകടകരങ്ങളായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകാൻ ഏതു സാങ്കേതികവിദ്യ ഉപയോഗിച്ചായാലും മുതലാളിമാർക്കോ മാനേജ്മെന്റിനോ കഴിയില്ല. കുറേ നീണ്ട വർഷത്തെ പ്രശ്നങ്ങളുടെ തുടർച്ചയായിട്ടാണ് ഇപ്പോൾ എടയാർ വ്യവസായ മേഖലയിൽ, കേരളത്തിലെ മറ്റു വ്യവസായങ്ങളിൽ നിന്നും കുറച്ച് കൂടുതലായിട്ട് അപകടകരമായ രാസവ്യവസായങ്ങളായി മാറിയിട്ട് കുറെയധികം വർഷങ്ങളായി. സുപ്രീംകോടതിയുടെ ഒരുത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴത് വീണ്ടും വിവാദമായതും പ്രാദേശിക പരിസ്ഥിതി കമ്മിറ്റിയും മറ്റും വന്നിട്ടുള്ളത്. തൊഴിലാളി സംഘടന നേതാവെന്ന നിലയിൽ, അതിൽ കൂടുതൽ തൊഴിലാളികളുള്ള ഇടതുപക്ഷത്തിന്റെ നേതാവെന്ന നിലയിൽ താങ്കളുടെ കാഴ്ചപ്പാട് എന്താണ് ? അല്ലെങ്കിൽ നിങ്ങൾ എന്താണ് കരുതുന്നത് ?*

വ്യവസായ മേഖലയിലെ, പ്രത്യേകിച്ച്, ഏലൂർ, കളമശ്ശേരി, ആലുവ, വ്യവസായ മേഖലയിൽ കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും അതുപോലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും നിരവധി വൻകിട വ്യവസായ സ്ഥാപനങ്ങളും ചെറുകിട വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. വ്യവസായത്തിലെ ഉൽപാദന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് വേണ്ടത്ര അവബോധമോ ജാഗ്രതയോ യഥാർത്ഥത്തിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനോ തൊഴിലാളികൾക്കോ മുൻകാലങ്ങളിൽ ഉണ്ടായിരുന്നില്ല. അത്തരത്തിലൊരു ചുമതല ട്രേഡ് യൂണിയൻ സംഘടനകൾ ഏറ്റെടുക്കാനും അതുകൊണ്ടുതന്നെ മതിയായ അവസരവും യഥാർത്ഥത്തിൽ ലഭ്യമായിട്ടില്ല എന്നുള്ളതൊരു വസ്തുതയാണ്. ഇന്ത്യയിലും ഈ കേരളത്തിലും ഇതു സംബന്ധിച്ച് കൂടുതൽ സജീവമായി ചർച്ചകളും പ്രശ്നങ്ങളും ഉയർത്തിക്കൊണ്ടുവന്നിട്ടുള്ളത്. മറ്റാരേക്കാളും കൂടുതൽ പരിസ്ഥിതിവാദ പ്രസ്ഥാനങ്ങളും അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എൻ.ജി.ഒ. സംഘടനകളും തന്നെയാണ് എന്നുള്ളതാണ് അനുഭവം. സ്വാഭാവികമായിട്ടും വ്യാവസായിക പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുണ്ടാകുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ട്രേഡ് യൂണിയൻ സംഘടനകൾക്ക് ഉത്തരവാദിത്വമുണ്ട്. അത് സജീവമായി ഇപ്പോൾ ചർച്ചാ വിഷയമായ സന്ദർഭത്തിൽ ട്രേഡ് യൂണിയനുകൾ മറ്റെന്തിനേക്കാൾ കൂടുതൽ പ്രാമുഖ്യം പാരിസ്ഥിതിക പ്രശ്നങ്ങൾ വ്യവസായ പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്നത് തടയാനും മാലിന്യമുക്തമായിട്ടു തന്നെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും കഴിയത്തക്കവിധത്തിൽ അതിന്റെ ചുമതല നിർവ്വഹിക്കണമെന്നുള്ളതും വളരെ സീരിയസ്സായി ട്രേഡ് യൂണിയനുകളുടെ യോഗത്തിൽ ഇപ്പോൾ ചർച്ച ചെയ്യുന്നുണ്ട്. അതിനു തീർച്ചയായിട്ടും അവസരമുണ്ടായത് 1989 ലെ ഇന്ത്യാ ഗവൺമെന്റല്ല വാസ്തവത്തിൽ സുപ്രീം കോടതി തന്നെ അപകടകരമായ ഖരമാലിന്യങ്ങൾ ഇന്ത്യയിലിങ്ങനെ ഡംപ് ചെയ്യുന്നുവെന്ന് പറഞ്ഞുകൊണ്ട് അതു സംബന്ധിച്ച് മതിയായ നിർദ്ദേശങ്ങളും അതെങ്ങനെ പരിപാലിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ശ്രീ. എം.ജി.കെ. മേനോൻ അദ്ധ്യക്ഷനായിട്ടുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തിയതിന്റെ വെളിച്ചത്തിലാണ് രാജ്യത്തുതന്നെ യഥാർത്ഥത്തിലതിനെ സംബന്ധിച്ച് സീരിയസ്സായിട്ടുള്ളൊരു പ്രശ്നമായി ഉയർന്നുവന്നത്. അതുവരെ ഒറ്റപ്പെട്ട ചില ശബ്ദങ്ങളാണ് ഉയർന്ന് വന്നത്. 2003 ലെ ഇതു സംബന്ധിച്ചുള്ള സുപ്രീംകോടതി വിധി ഈ ചട്ടത്തിൽ 1989 ലെ ഖരമാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ചുള്ള ചട്ടം ഭേദഗതി ചെയ്തുകൊണ്ട്, ഡോ. ത്യാഗരാജൻ ചെയർമാനായിട്ടുള്ള പുതിയ കമ്മിറ്റി അതു സംബന്ധിച്ച് വരികയും ആ കമ്മിറ്റി തന്നെ ഏതാണ്ട് ഒരു കൊല്ലം മുമ്പ് കേരള ഗവൺമെന്റിനെ ഇക്കാര്യത്തിൽ കർശനമായി കാര്യങ്ങൾ പാലിക്കുന്നില്ല, അതുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ആ കാര്യത്തിൽ കേരള ഗവൺമെന്റും വ്യവസായ മാനേജ്മെന്റുകളും വീഴ്ച



വരുത്തി എന്നാണ് ഡോ. ത്യാഗരാജൻ കമ്മിറ്റിയുടെ നിരീക്ഷണം വന്നിട്ടുള്ളത്. അതിൽ ഉത്തരവാദിത്വ നിർവ്വഹണത്തിൽ വളരെ ഗൗരവമായിട്ടുള്ള വീഴ്ചയാണ് സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഭാഗത്തുനിന്നു സുപ്രീംകോടതി കമ്മിറ്റി ചൂണ്ടിക്കാണിച്ചത്. അത് സ്വാഭാവികമായിട്ടും ആ കമ്മിറ്റിയെ കൂടുതൽ എംപവർ ചെയ്യുന്നതിനും അതിന്റെ രൂപീകരണ ഉദ്ദേശം നടപ്പാക്കുന്നതിനും ആവശ്യമായിട്ടാണ് യഥാർത്ഥത്തിൽ ലോക്കൽ ഏരിയ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. അതുകൊണ്ട് തീർച്ചയായിട്ടും ഇതുമായി പുതിയ പ്രശ്നങ്ങൾ ഉയർന്നുവരികയും വ്യവസായങ്ങൾ മലിനീകരണം നടത്തുന്നു എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ശാസ്ത്രീയമായിട്ടുള്ള പദ്ധതികൾ ചട്ടത്തിനോ അതുപോലെ തന്നെ മറ്റു നിർദ്ദേശങ്ങൾക്കോ പോലും യാതൊരുവിധത്തിലുള്ള പരിഗണനയും നല്കാതെ, പ്രത്യേകിച്ചും പല സ്വകാര്യ മാനേജ്മെന്റുകളും ആ നിലയിൽ പ്രവർത്തനങ്ങൾ നടത്തുന്നു എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് വളരെ സജീവമായി പ്രശ്നം ഉയർന്നുവരികയും, മറ്റു മാർഗ്ഗമൊന്നുമില്ലാതെ വന്നപ്പോൾ സുപ്രീംകോടതി കമ്മിറ്റിയുടെ കർശനമായ നിർദ്ദേശത്തിന് വഴങ്ങിക്കൊണ്ട് സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് നൂറുക്കണക്കിന് വ്യവസായ സ്ഥാപനങ്ങൾ ഒറ്റയടിക്ക് അടച്ചുപൂട്ടാൻ വന്നപ്പോഴാണ് സ്വാഭാവികമായിട്ടും അത് തൊഴിൽ മേഖലയിൽ വല്ലാത്തൊരു അനിശ്ചിതത്വവും അതുപോലെ ആശങ്കയും ആ മേഖലയിലെ തന്നെ ഭീഷണിക്കിതെങ്ങനെയായിരിക്കും വന്നുഭവിക്കുക എന്നത് സംബന്ധിച്ച് ട്രേഡ് യൂണിയനുകളിൽ വല്ലാത്തൊരുത്കണ്ഠ ഉയർന്നുവരാനിട വന്നു. സ്വാഭാവികമായിട്ടും ആ പ്രശ്നങ്ങളെ സംബന്ധിച്ച് ട്രേഡ് യൂണിയനുകൾക്ക് ഒരു നല്ല കാഴ്ചപ്പാടു തന്നെയുണ്ട്. വ്യവസായ പ്രവർത്തനങ്ങളുടെ ഭാഗമായി തങ്ങൾക്ക് എന്ത് മാലിന്യവും വ്യവസായങ്ങളിൽ നിന്നും പരിസരത്തേക്ക് തള്ളിവിടാമെന്നുള്ള നിലയിൽ ഒരു മാനേജ്മെന്റിനേയും അനുവദിച്ചുകൂടാ എന്നു തന്നെയാണ് ട്രേഡ് യൂണിയനുകളുടെ ഇക്കാര്യത്തിലുള്ള അഭിപ്രായം. അതിനപ്പുറം വളരെ പെട്ടെന്ന് മുൻകാലത്തൊന്നും നമുക്കില്ലാത്ത വിധത്തിൽ വളരെ സമീപകാലത്ത് ഈ ചട്ടങ്ങൾ കർശനമായി വന്നതിനെ തുടർന്ന് മതിയായ സമയം കൊടുക്കാതെ വ്യവസായ സ്ഥാപനങ്ങൾ അതു ചെയ്യുന്നില്ല ഇതു ചെയ്യുന്നില്ല എന്നു പറഞ്ഞുകൊണ്ട് വ്യവസായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാൻ വേണ്ടിയുള്ള ആസൂത്രിതമായിട്ടുള്ളൊരു നീക്കം ട്രേഡ് യൂണിയനുകൾ ആഗ്രഹിക്കുന്ന ഒരു കാര്യമല്ല. അതുകൊണ്ടുതന്നെ ഏകപക്ഷീയമായി കാര്യങ്ങൾ പോകാൻ പാടില്ലയെന്നും വളരെ വൈദഗ്ദ്യത്തോടുകൂടിത്തന്നെ വ്യവസായ പ്രശ്നങ്ങളെ സംബന്ധിച്ചും ആ വ്യവസായങ്ങളിൽ ഉണ്ടാക്കുന്ന രാസപദാർത്ഥങ്ങളാണെങ്കിലത്, മറ്റുല്പന്നങ്ങളാണെങ്കിലത്, അതിന്റെ പ്രക്രിയയെന്താണ്, അതിൽ നിന്നു വരാവുന്ന മാലിന്യങ്ങളെന്താണ്, അത് അപകടകരമാണോ, അല്ലാത്തതാണോ, അത് ഡിസ്പോസിബ്ൾ ആണോ അതോ പ്രത്യേകമായി സ്റ്റോറേജ് ചെയ്യേണ്ടതാണോ ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് വിദഗ്ദ്ധ അഭിപ്രായം രൂപീകരിക്കുന്ന കാര്യത്തിൽ മറ്റാരേക്കാളും കൂടുതൽ സുപ്രീം കോടതി മോണിട്ടറിങ്ങ് കമ്മിറ്റിയെ ഹെൽപ് ചെയ്യാൻ വ്യവസായമേഖലയിലെ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് കഴിയും.

മുൻകാലത്ത് അവർ അത്തരം കാര്യങ്ങൾ സീരിയസ്സായിട്ട് ചർച്ച ചെയ്യേണ്ടുന്ന ഒരു സ്ഥിതിവിശേഷം വന്നിട്ടില്ല എന്ന് വിചാരിച്ച് ആ കാര്യത്തിൽ അവർ അജ്ഞരാണെന്നോ യോഗ്യരല്ലെന്നോ ചിത്രീകരിക്കുന്ന രീതി ശരിയല്ല. അതുകൊണ്ടുതന്നെ ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റിക്ക് കുറച്ചു കൂടി കോംപീറ്റൻസി ഇക്കാര്യത്തിൽ കിട്ടാൻ കഴിയുന്ന വിധത്തിൽ ട്രേഡ് യൂണിയനുകളെ അതിനകത്തുൾപ്പെടുത്തണമെന്ന കാര്യത്തിൽ ഗവൺമെന്റിനോട് ട്രേഡ് യൂണിയനുകൾ തന്നെ ആവശ്യപ്പെട്ടിരുന്നു. ആദ്യഘട്ടത്തിൽ സുപ്രീംകോടതി കമ്മിറ്റിയും അതിനോട് പ്രത്യേകമായിട്ട് വിയോജിപ്പ് പ്രകടിപ്പിച്ചതായി ഞങ്ങൾക്കാർക്കും മനസ്സിലായിരുന്നില്ല. മുഖ്യമന്ത്രി തന്നെ വിളിച്ചു കൂട്ടിയിട്ടുള്ള സംസ്ഥാനതലത്തിലെ പ്രധാനപ്പെട്ട ഒരു യോഗത്തിൽ വച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളെ കൂടി അതിനകത്തുൾപ്പെടുത്താൻ തീരുമാനിച്ചു. ആ ഉൾപ്പെടുത്തിയ പ്രതിനിധികളെ ഏകപക്ഷീയമായി ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തത്. അതിന്റെ ഭാഗമായി ട്രേഡ് യൂണിയനുകളും ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റിയും തമ്മിൽ ഒരു ശത്രുതാപരമായ സമീപനത്തിലേക്ക് തന്നെ വന്നു. യഥാർത്ഥത്തിൽ അങ്ങനെ ഒരവസരം തന്നെ ഒഴിവാക്കേണ്ടതാണ്. പിന്നീടാണ് ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റി, ഞങ്ങൾക്ക് മാത്രമായി കാര്യങ്ങൾ മുഴുവനും ചെയ്യാൻ കഴിയില്ല. ട്രേഡ് യൂണിയനുകളുടെ ഹെൽപ്പ് വേണം. അതുകൊണ്ട് ട്രേഡ് യൂണിയനുകൾ ഉൾപ്പെടുത്തേണ്ടതാണെന്ന അവരുടെ നിസ്സഹായാവസ്ഥ സുപ്രീംകോടതി മോണിറ്ററിങ്ങ് കമ്മിറ്റിയെ അറിയിച്ചു എന്നു പറഞ്ഞുകൊണ്ട് പരസ്യമായി പത്രസമ്മേളനം നടത്തുകയുണ്ടായി. സമീപകാലത്ത് ഏറ്റവും അവസാനം വളരെ വൈകിയാണെങ്കിൽ പോലും വിവാദങ്ങളൊക്കെ ഒഴിവാക്കാനും ട്രേഡ് യൂണിയനുകൾക്കും ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റിക്കും പൊല്യൂഷൻ കൺട്രോൾ ബോർഡിനും വ്യവസായ മാനേജ്മെന്റുകൾക്കും ഇക്കാര്യത്തിൽ കുറച്ചുകൂടി സീരി


റിവർ കീപ്പർ റിപ്പോർട്ട്

**പെരിയാറിൽ വീണ്ടും ഗുരുതര മലിനീകരണം**

യസ്സായിട്ട് വ്യവസായ പ്രവർത്തനങ്ങളുടെ ഭാഗമായി യാതൊരുവിധ മാലിന്യങ്ങളും പരിസരത്തിലേക്ക് പോകരുത് എന്ന് കണക്കാക്കിക്കൊണ്ടുള്ള ശാസ്ത്രീയമായ പരിപാടികൾ ആവിഷ്കരിക്കുവാനും, ഇന്ന് ആ രംഗത്ത് ഓരോ വ്യവസായ സ്ഥാപനങ്ങളിലുമുള്ള ദൗർബല്യങ്ങളെന്താണ്, എന്തെല്ലാം കുറവുകളാണിവിടെ സംഭവിച്ചിട്ടുള്ളത് - അതെങ്ങനെ പരിഹരിക്കാമെന്നുള്ളതിനെ സംബന്ധിച്ച് അതിനെന്ത് ഇൻവെസ്റ്റ്മെന്റ് വേണം, എന്ത് ഡയറക്ഷനാണ് വേണ്ടത്, എന്ത് കാര്യങ്ങളാണ് ചെയ്യേണ്ടത്. എന്ത് മെത്തേഡാണ് അപ്പ്ലൈ ചെയ്യേണ്ടത് - ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ച് സീരിയസ്സായുള്ള ഒരു ഇന്ററാക്ഷൻ ട്രേഡ് യൂണിയനുകളും അതുപോലെ തന്നെ ലോക്കൽ ഏരിയാ മോണിറ്ററിങ്ങ് കമ്മിറ്റിയും മാനേജ്മെന്റുകളും തമ്മിലും വേണമെന്നുള്ള കാര്യം - ലോക്കൽ ഏരിയാ മോണിറ്ററിങ്ങ് കമ്മിറ്റി ആ പ്രശ്നം സീരിയസ്സായി എടുത്തിട്ടുണ്ട്. അതിന് ഞങ്ങൾ വളരെയധികം അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം പ്രൊഡക്റ്റിവിറ്റി കൗൺസിൽ ഇതു സംബന്ധിച്ച് നല്ലൊരു സീരിയസ്സായ ചർച്ച നടത്തിയിട്ടുണ്ട്. മറ്റൊരു കാര്യം പറയാനുള്ളത് - വ്യവസായ മാനേജ്മെന്റുകൾ വിശേഷിച്ച് - സ്വകാര്യ മാനേജ്മെന്റ് അവരവരുടെ ഉൽപ്പന്നങ്ങളൊക്കെ ഉണ്ടാക്കിക്കഴിഞ്ഞാൽ അത് എത്രയും പെട്ടെന്ന് വിറ്റഴിക്കണം എന്നുള്ളതാണ് അവരുടെയൊരാഗ്രഹം അത് മറ്റവന്റെ ഒരു ഉൽപ്പന്നത്തേക്കാൾ ഏറ്റവും ലാഭകരമായി വിറ്റഴിക്കണമെന്നാണ്. പ്രത്യേകിച്ച് ആഗോളവൽക്കരണത്തിന്റെ ഭാഗമായിട്ട് വളരെ ടഫ് ആയിട്ടുള്ള കോമ്പറ്റീഷൻ മാർക്കറ്റിലുണ്ടുതാനും.

അതുകൊണ്ട് കമ്പോളത്തിലെ ഈ മത്സരം അതിജീവിക്കാനും തന്റെ ഉൽപന്നം ഏറ്റവും ആദായകരമായി വിറ്റഴിക്കണമെന്നുള്ള നിലയിൽ മത്സരത്തിലെ ഓട്ടത്തിനിടയിൽ വ്യവസായം പരിസര മലിനീകരണമുണ്ടാക്കുന്നു, അതിന് ശാസ്ത്രീയമായ രീതികൾ ആവിഷ്കരിക്കണം. കോടിക്കണക്കിന് രൂപ അല്ലെങ്കിൽ ലക്ഷക്കണക്കിന് രൂപ ചിലവു വരേണ്ടതാണ്, അത് നിർബന്ധമായും വ്യവസായ പ്രവർത്തനത്തിന്റെ ഒരു പാർട്ടാകണമെന്നുള്ള ഒരു ചിന്താഗതി പല സ്വകാര്യ മേഖലകൾക്കും ഇല്ല. പൊതുമേഖലാ മാനേജ്മെന്റുകൾ അക്കാര്യത്തിൽ താരതമ്യേന കുറച്ചു കൂടി മെച്ചപ്പെട്ട പ്രവർത്തനങ്ങളും നടത്തുന്നുണ്ട് - എഫ്ളുവെന്റിന്റെ ട്രീറ്റ്മെന്റിനൊക്കെ വേണ്ടി, ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കിതൊന്നും, ചിലപ്പോൾ അതിനാവശ്യമായിട്ടുള്ള ഒരു ഇൻവെസ്റ്റ്മെന്റ് പോലും ഈ എഫ്ളുവെന്റ് ട്രീറ്റ്മെന്റിനൊന്നും നടത്താനുള്ള കപ്പാസിറ്റിയും ഇല്ല. ഇങ്ങനെയുള്ള ഒരവസ്ഥ എങ്ങനെ നമുക്ക് പരിഹരിക്കാൻ കഴിയും? വ്യവസായങ്ങൾ നടക്കണം. ചെറുകിടയാണെങ്കിലും, വൻകിടയാണെങ്കിലും നടക്കണം. അതുകൊണ്ട് ലാഭത്തെ അടിസ്ഥാനപ്പെടുത്തി, അല്ലെങ്കിൽ തങ്ങൾക്കൊരു ലൈസൻസ് കിട്ടിയിരിക്കുകയാണ് പരിസര മലിനീകരണം നടത്താൻ എന്ന് പറഞ്ഞുകൊണ്ടുള്ള വ്യവസായ മാനേജ്മെന്റുകളെ ആ ചുമതലയേൽപിക്കുന്നതിനു പകരം യഥാർത്ഥത്തിൽ പരിസര മലിനീകരണത്തിന്റെ ചുമതല വ്യവസായ മാനേജ്മെന്റുകളെക്കൊണ്ട് തന്നെ ഏറ്റെടുക്കാൻ കഴിയത്തക്ക വിധത്തിൽ, അതിനാവശ്യമായിട്ടുള്ള ചുമതലകൾ - ഒരു സഹായം ചെയ്തുകൊടുക്കാനും പദ്ധതികളാവിഷ്കരിക്കാനും ഗവൺമെന്റു തന്നെയാണ് സീരിയസ്സായി ചെയ്യേണ്ടത്. നിർഭാഗ്യവശാൽ ഏറ്റവും സീരിയസ്സായി കേരളത്തിൽ ഈ വിഷയം ചർച്ച ചെയ്ത് 247 വ്യവസായ സ്ഥാപനങ്ങൾ ഒറ്റയടിക്ക് പൂട്ടും എന്ന് പറഞ്ഞ അവസ്ഥയിൽ ആറു മാസത്തെ സമയം എവിടെയെങ്കിലും കോമൺ ആയിട്ടുള്ള ഒരു എഫ്ളുവന്റ് ട്രീറ്റ്മെന്റിനാവശ്യമായിട്ടുള്ള സംവിധാനമുണ്ടാക്കണം.

ഈ ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്ന് പറഞ്ഞുകൊണ്ട് സീരിയസ്സായിട്ടൊരു ചർച്ച നടത്തിയിട്ടുപോലും ഈ പ്രാവശ്യത്തെ സംസ്ഥാന ഗവൺമെന്റിന്റെ ബജറ്റിനകത്ത് ഒരു നയാപൈസ പോലും യഥാർത്ഥത്തിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് മാലിന്യ നിർമ്മാർജ്ജനത്തിന് കോമണായിട്ടുള്ള പ്ലാന്റ്, ഫെസിലിറ്റികൾ, ബയോളജിക്കൽ ട്രീറ്റ്മെന്റ്, ഇത്തരം കാര്യങ്ങൾക്ക് വേണ്ടി മാറ്റിവെച്ചിട്ടില്ല. കോടിക്കണക്കിനു രൂപ റവന്യൂ ഉണ്ടാക്കുന്ന ഈ വ്യവസായ സ്ഥാപനങ്ങളെ നില നിർത്താനും പരിസരമലിനീകരണം വളരെ ശക്തിയായി - പ്രത്യേകിച്ച് ഇവിടെ പെരിയാർ എന്നൊക്കെ പറഞ്ഞാൽ വളരെയധികം പൊല്യൂട്ടഡാണ് ഇവിടുത്തെ അന്തരീക്ഷം വായുവും അതുപോലെ വെള്ളവും വളരെയധികം പൊല്യൂട്ടഡാണ്. സ്വാഭാവികമായിട്ടും വ്യവസായ പ്രവർത്തനത്തിന്റെ ഭാഗമായിട്ടുണ്ടാകുമെന്ന് പറയുമ്പോഴും അത് കഴിയാവുന്നത്ര നിയന്ത്രിക്കുകയും നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടു തടയുകയും ചെയ്യുകയെന്നു പറയുന്നതൊരു മസ്റ്റായിട്ടെടുക്കണ്ടേ? അത്തരം കാര്യങ്ങളിൽ സീരിയസ്സായി വ്യവസായ മാനേജ്മെന്റിനെക്കൊണ്ട് അത് ചെയ്യിപ്പിക്കാനുള്ള ഉത്തരവാദിത്തം സ്റ്റേറ്റ് ഗവൺമെന്റിനുണ്ട്. അതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റിക്കാര്യത്തിൽ ഇപ്പോഴും വേണ്ടത്ര സീരിയസ്നസ് കാണിക്കുന്നുണ്ടോ? 6 മാസം കഴിഞ്ഞാൽ സുപ്രീംകോടതി വീണ്ടും പറയും ഈ വ്യവസായ പ്രവർത്തനങ്ങളൊക്കെ അവസാനിപ്പിക്കാൻ. അതുകൊണ്ട് ഇനി അങ്ങനെയൊരു എക്സ്റ്റെൻഷൻ കിട്ടുമോ എന്നറിയാൻ പാടില്ല. അതുകൊണ്ട് ഈ പ്രശ്നം ഇപ്പോൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു, ഗവൺമെന്റ് ഇടപെട്ടിട്ട് എന്നൊന്നും കണക്കാക്കാൻ കഴിയില്ല. ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം. സ്ഥലത്തിന്റെ അക്വിസിഷൻ നടപടികളൊക്കെ ഇപ്പോഴും ഒച്ചിഴയുന്ന വേഗതയിലാണ് നടക്കുന്നത്. അമ്പലമുകളിലും അതുപോലെ ഏലൂരുമൊക്കെ ട്രീറ്റ്മെന്റ് പ്ലാന്റുകൾ കൊണ്ടുവരാൻ വേണ്ടിയുള്ള ചർച്ചയൊക്കെ വളരെ സീരിയസ്സായി, സുപ്രീംകോടതി മോണിറ്ററിങ്ങ് കമ്മിറ്റിയൊന്നിടപ്പെട്ട സന്ദർഭത്തിലൊന്നുണ്ടായി എന്നുള്ളതല്ലാതെ അതിന്റെ ചൂടതുപോലെയില്ല. സ്റ്റേറ്റ് ഗവൺമെന്റും അക്കാര്യത്തിൽ സീരിയസ്സല്ല. പരിസര മലിനീകരണം വന്നുവെന്നു പറയുമ്പോൾ സ്വാഭാവികമായിട്ടും വ്യവസായങ്ങളടച്ചു പൂട്ടട്ടെയെന്ന് പറയുന്നത് വ്യവ

2003 ജൂൺ 22 ദീപിക.



വരാപ്പുഴ കായലിൽ മത്സ്യങ്ങൾ ചത്തുപൊങ്ങി

2003 ജൂൺ 23 ദേശാഭിമാനി.



സായത്തിൽ പണിയെടുക്കാത്ത തൊഴിലാളികളോ അതല്ലെങ്കിൽ പണിയില്ലാത്ത തൊഴിലാളികളെന്ന നിലയിൽ മറ്റു വിഭാഗം ആളുകളോ അതോ പബ്ലിക്കോ ആണെങ്കിൽ അതിന്റെ കൂടെ ഒപ്പം നിന്ന് വ്യവസായം അടച്ചുപൂട്ടട്ടെ എന്നു പറയാൻ ട്രേഡ് യൂണിയനുകൾക്കൊരു ബുദ്ധിമുട്ടുണ്ട്. ഓരോ വ്യവസായ സ്ഥാപനങ്ങളും ഇന്ന് വളരെ രൂക്ഷമായുള്ള ഒരു പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. പലതും അടച്ചു പൂട്ടേണ്ട വക്കിലാണ് - പലതരത്തിലുള്ള ഗവൺമെന്റ് നയങ്ങളുടെയും ഒക്കെ ഭാഗമായിട്ട്. അതുകൊണ്ട് അങ്ങനെയുള്ള വ്യവസായ സ്ഥാപനങ്ങളെ വളരെ പെട്ടെന്ന് അടച്ചു പൂട്ടുകയെന്ന് മറ്റുള്ളവരോടൊപ്പം ട്രേഡ് യൂണിയനുകൾ പറയുന്നില്ലായെന്നതുകൊണ്ട് ട്രേഡ് യൂണിയനുകളിക്കാര്യത്തിലൊന്നും സീരിയസ്സല്ല എന്നാരും കുറ്റപ്പെടുത്തുന്നത് ശരിയല്ല. ട്രേഡ് യൂണിയനുകളുടെ റോൾ, അതിനകത്ത്, വളരെ പെട്ടെന്നൊന്നും പറയാൻ കഴിയില്ല. അതിനുപകരം മെത്തേഡെന്തെങ്കിലും ചെയ്യുക എന്നടിസ്ഥാനത്തിലേ പോകാൻ കഴിയുകയുള്ളൂ. ഏതായാലും പഴയതിനേക്കാൾ വളരെ സീരിയസ്സാണ് ട്രേഡ് യൂണിയൻ ഈ കാര്യത്തിൽ എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനു നമ്മുടെ ഈ വ്യവസായ മേഖലയിൽത്തന്നെ എച്ച്.ഐ.എൽ ഒരു പ്രധാനപ്പെട്ട ഉദാഹരണമാണ്. അതുപോലെ തന്നെ മെർക്കം. മെർക്കം ഇഷ്യൂവിൽ ഞങ്ങൾ വ്യവസായ സംരക്ഷണ സമിതി, ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റി നിർദ്ദേശിച്ചതുപോലെ കർശനമായി ആ വ്യവസായ മാനേജ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്ന വളരെ ചീപ്പായിട്ടുള്ള ചില ലോബിയിങ്ങും കാര്യങ്ങളും ഇതിലുണ്ട്.

അതിൽ പൊലൂഷൻ കൺട്രോൾ ബോർഡും അതുപോലുള്ളവരോ എങ്ങനെയൊക്കെ വേണമെങ്കിലും പോകാമെന്നുള്ളതാണ്. അതൊക്കെ അവസാനിപ്പിക്കണമെന്ന് കണക്കാക്കിക്കൊണ്ട് ഞങ്ങൾ മാനേജ്മെന്റിന് നോട്ടീസ് കൊടുക്കാൻ തയ്യാറായിട്ടുണ്ട്, ഇവിടുത്തെ എല്ലാ ട്രേഡ് യൂണിയനുകളും ഒരുമിച്ച് കൊണ്ടുപോകാൻ കാരണം പഴയതുപോലെ അങ്ങനെ ഈസിയായിട്ട് ജനങ്ങളെ വിഡ്ഢികളാക്കി കൊണ്ടുപോകാൻ കഴിയുന്ന കാര്യമില്ല. അതുകൊണ്ടിത്തരം കാര്യങ്ങളിൽ വളരെ സീരിയസ്സാവണം എന്ന അടിസ്ഥാനത്തിൽ ഞങ്ങൾ പറഞ്ഞിട്ടുണ്ട്. എച്ച്.ഐ.എൽ.ന്റെ കാര്യത്തിൽ തീപിടിച്ചതിനുശേഷം പൊലൂഷൻ കൺട്രോൾ ബോർഡും സെൻട്രൽ പൊലൂഷൻ കൺട്രോൾ ബോർഡും ലോക്കൽ ഏരിയാ മോണിറ്ററിങ്ങ് കമ്മിറ്റിയും അവർ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങളെല്ലാം ഇവിടെ നടപ്പാക്കുന്നുവെന്നുള്ളതിനെ സംബന്ധിച്ച് നന്നായി ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. പിന്നെ നമ്മളുടെ അന്തരീക്ഷത്തിൽ നടക്കുന്ന പ്രചരണങ്ങൾ എല്ലാം ശരിയാണ് എന്ന അടിസ്ഥാനത്തിൽ അങ്ങനെ പറഞ്ഞു പോകാനും ട്രേഡ് യൂണിയനെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ട്. ട്രേഡ് യൂണിയനു മാത്രമല്ല മറ്റുള്ളവരും ആ കാര്യങ്ങളൊക്കെ കുറച്ചുകൂടി വസ്തുതാപരമായാണോ എന്ന് പരിശോധിച്ചിട്ടുവേണം ഒരു നിലപാട് ആവിഷ്കരിക്കാൻ. ഉദാഹരണത്തിന്, എൻഡോസൾഫാൻ - ഏറ്റവും ലാഭകരമായി എച്ച്.ഐ.എല്ലിനെ പിടിച്ചു നിർത്തുന്ന ഒരു പ്രോഡക്റ്റാണ് യഥാർത്ഥത്തിൽ എൻഡോസൾഫാൻ. എച്ച്.ഐ.എല്ലിന്റെ എൻഡോസൾഫാൻ ഹിലിഡാൻ എന്നു പറയുന്ന ഒരു ബ്രാൻഡ്നെയ്മിലാണ് ഇറങ്ങുന്നത്. ലോകത്ത് ഏതാണ്ട് 14-ഓളം ബ്രാൻഡ്നെയ്മിൽ എൻഡോസൾഫാൻ വിറ്റഴിക്കപ്പെടുന്നുണ്ട്. കാസർകോട് മേഖലയിൽ ഉണ്ടെന്നു പറയുന്ന പ്രശ്നം പരിശോധിക്കുമ്പോൾ അതിന്റെ മറവിൽ പൂട്ടിപ്പോകുന്നത് യഥാർത്ഥത്തിൽ എച്ച്.ഐ.എൽ. എന്ന് പറയുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനമാണ്. എന്നാൽ എൻഡോസൾഫാൻ ഇന്ന് ഏറ്റവും കൂടുതൽ എച്ച്.ഐ.എൽ.ന്റെ പ്രോഡക്ട് മാർക്കറ്റിൽ വരാത്ത സന്ദർഭത്തിൽ എച്ച്.ഐ.എൽ. ന് എൻഡോസൾഫാന് ഒരുപാട് ഷോട്ടേജ് വന്നിട്ടുണ്ട്. അതു നന്നായി ഉപയോഗപ്പെടുത്തിക്കൊണ്ട് കപ്പാസിറ്റി ഉയർത്താനും റേറ്റുയർത്താനും തയ്യാറായിക്കൊണ്ട് ഇന്ത്യയ്ക്ക് കത്ത് സ്വകാര്യ കുത്തക കമ്പനികൾ എൻഡോസൾഫാൻ വിറ്റഴിക്കയാണ്.

കാസർകോഡ് മേഖലയിൽ ഇപ്പോൾ യൂസേജ് നിരോധനം ചെയ്യുന്ന സന്ദർഭത്തിലും ടാറ്റായുടെ എക്സെൽ കമ്പനിയുടെ എൻഡോഫീൻ എന്നുപറയുന്ന നേമിലുള്ള എൻഡോസൾഫാൻ അവിടെ വിറ്റഴിക്കപ്പെടുന്നുവെന്നുള്ളത് മാതൃഭൂമി പത്രം ഈ കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനകത്ത് ക്വാളിറ്റി ഒരു പ്രധാന പ്രശ്നമാണ്. മാത്രമല്ല ഈ പറയുന്ന കമ്പനികളെല്ലാം ആവശ്യമായിട്ടുള്ള ഡയറക്ഷൻസ് ഇതിനകത്ത് കൊടുക്കുന്നുണ്ടോ എന്നറിയില്ല. പതിനായിരം മില്ലിലിറ്റർ വെള്ളത്തിൽ 5 മില്ലി ലിറ്ററാണ് എൻഡോസൾഫാൻ ചേർത്ത് തളിയ്ക്കാവുന്നത്. അത് അഞ്ചെന്നുള്ളത് ഒരു ഡെസിമെൽ മാറി കഴിഞ്ഞാൽ അതിന്റെ സ്വഭാവം മാറും. പാർശ്വഫലങ്ങൾ ഭയങ്കര അപകടകരമായിരിക്കും. അതുകൊണ്ട് അതിന്റെ ശാസ്ത്രീയമായ മെത്തേഡ്സ് എല്ലാം ആവിഷ്കരിച്ചു കൊണ്ടു വേണം ചെയ്യാനായിട്ട്. അപ്പോൾ ഞാൻ പറഞ്ഞുവന്നത് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിട്ടുള്ള എച്ച്.ഐ.എൽ. കേരളത്തിൽ അതു വിറ്റഴിക്കപ്പെടുന്നേയില്ല. ആ പ്രോഡക്ട് മുഴുവൻ എക്സ്പോർട്ട് ചെയ്യുകയാണ്. പക്ഷേ പൂട്ടണമെന്ന നിർദ്ദേശം വന്നപ്പോൾ കേരളത്തിനു പുറത്തുള്ളവർ നന്നായിട്ട് മാർക്കറ്റു ചെയ്യുകയും വിൽക്കുകയും ചെയ്യുന്നു. പൊതുമേഖലാ സ്ഥാപനം പൂട്ടുകയും ചെയ്യുന്നു. അതുകൊണ്ട് എൻഡോസൾഫാനെതിരായിട്ടുള്ള പ്രവർത്തനത്തിൽ ഒരു പരിധിവരെ ഈ സ്വകാര്യ കമ്പനികൾ കൂടിയുണ്ടോ എന്നുള്ളത് സംശയിക്കപ്പെടേണ്ടതുണ്ട്.




*കാസർകോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്കുള്ള 35 വർഷമായി തുടരുന്ന ദുരിതത്തിന് എതിരായിട്ടുള്ള സമരത്തിൽ അവസാന സമയത്ത് ഇപ്പോൾ പാർട്ടിയും രംഗത്ത് വന്നിട്ടുണ്ട്. ആ സമരം നിങ്ങൾ ആരോപിച്ച പോലെ തന്നെ സ്വകാര്യ മേഖലയുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടത്ര വാദ സത്യങ്ങളില്ലാതെ എടുക്കുന്ന ഒരു സമരമാണെന്നാണോ നിങ്ങൾ പറയുന്നത്? രണ്ടാമത് സ്വകാര്യ കുത്തകയായിട്ടുള്ള ടാറ്റാ എക്സെൽ എൻഡോസൾഫാൻ വേറെ എവിടെയെങ്കിലും ഉല്പാദിപ്പിച്ച് കേരള വിപണിയിൽ വില്ക്കുന്നുണ്ടെങ്കിൽ നിങ്ങൾ നേരത്തേ പറഞ്ഞപോലെ എൻഡോസൾഫാനെതിരെ നിങ്ങളുണ്ടെങ്കിൽ, എച്ച്.ഐ.എൽ. പൂട്ടി പോകുന്നതിനെതിരെ നിങ്ങളുണ്ടെങ്കിൽ സ്വാഭാവികമായിട്ടും ടാറ്റാ എക്സെലിന്റെ അവരുടെ ബ്രാൻഡ് നെയിമിലുള്ള എൻഡോ സൾഫാൻ തന്നെ വില്ക്കുന്നതിനുവേണ്ടിയുള്ള സമരത്തിൽ തൊഴിലാളി സംഘടനകളും ട്രേഡ് യൂണിയനുകളും രംഗത്തു വരികയല്ലേ വേണ്ടത്? അങ്ങനെയല്ലേ ആത്മാർത്ഥത തെളിയിക്കേണ്ടത്? അല്ലാതെ ഒരാരോപണം അടിസ്ഥാനരഹിതമായിട്ടുന്നയിക്കുന്നതെങ്ങനെയാണ്?*

ആരോപണം അടിസ്ഥാനരഹിതമല്ല. ടാറ്റായുടെ എക്സെൽ മാത്രമല്ല, ഇ.ഐ.ഡി. പാരി ഗ്രൂപ്പിന്റെ ഭാരത് പൾവാറീസ് കെമിക്കൽസ് എന്നു പറയുന്ന - തമിഴ്നാട്ടിലും അതുപോലെ മഹാരാഷ്ട്രയിലും അവർക്കു ഫാക്ടറിയുണ്ട്. കേരളത്തിന്റെ തൊട്ടടുത്ത് - അതായത് തമിഴ്നാട്ടിൽ അവർ മൂവായിരം ടൺ ഉൽപാദിപ്പിക്കുന്നുണ്ട്. ബി.പി.സി. എൽ. എന്ന പേരിൽ. അത് നിങ്ങൾക്ക് അന്വേഷിക്കാവുന്നതാണ്. അതു കൂടാതെ ടാറ്റാ എ. ആൻഡ് ടി. യ്ക്കകത്ത് പതിനായിരം മെട്രിക് ടണ്ണാണ് അവരുടെ ഉല്പാദനം. ഇവിടെ 1600 മാത്രമാണ്. നാലിലൊന്നാണ് ഇന്ത്യയിലാകെ ഉല്പാദിപ്പിക്കപ്പെടുന്നത്. അതുകൊണ്ട് ആരോപണം അടിസ്ഥാനരഹിതമല്ല. കേരളത്തിനകത്ത് എച്ച്.ഐ.എല്ലിന്റെ പ്രോഡക്ട് എൻഡോസൾഫാൻ മാർക്കറ്റ് ചെയ്യുന്നില്ല എന്നുള്ളത് യാതൊരുവിധത്തിലുള്ള വസ്തുതാപരമല്ലാത്ത ഒരു വിശദീകരണമല്ല. മാർക്കറ്റ് ചെയ്യുന്നത് ഒരു സ്വകാര്യ കമ്പനിയാണ്.

*അതിനെതിരെ നിങ്ങളെന്തുകൊണ്ട് സമരം ചെയ്യുന്നില്ല?*

സ്വകാര്യ കമ്പനിയാണെങ്കിലും എൻഡോസൾഫാനാകണമോ വേണ്ടയോ എന്ന കാര്യത്തിലൊരു സംഗതിയുണ്ട്. എൻഡോസൾഫാൻ പൊതുമേഖലയുടെയാവരുത്, സ്വകാര്യ കമ്പനിയുടെയാവാം എന്നു പറയുന്നത് ശരിയാണോ?

*സ്വകാര്യ മേഖലയിൽ വേണം എന്നാരാണ് പറയുന്നത്? വേണ്ടായെന്ന് വെയ്ക്കുവാൻ നിങ്ങളെന്തുകൊണ്ട് വരുന്നില്ല?*

ഇല്ല. സുപ്രീംകോടതി എൻഡോസൾഫാൻ വേണോ വേണ്ടയോ, അത് പ്രോഡക്ട് മിക്സ് മാറ്റണം എന്നുള്ള നിലയിൽ ക്ലോഡ് അൽവാറീസ് ഇവിടെ വന്നിട്ട് എച്ച്.ഐ. എല്ലിനെ സംബന്ധിച്ച് നിർദ്ദേശം വെച്ചു. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ അടുത്തുള്ള നാട്ടിലാണ് കുറച്ച്കൂടി അടുത്തുള്ള സ്ഥലത്താണ്, മഹാരാഷ്ട്രയിലാണ് ഇപ്പോഴും പതിനായിരം ടൺ എൻഡോസൾഫാൻ ഉൽപാദിപ്പിക്കുന്നുണ്ട്. സുപ്രീംകോടതി എന്തുകൊണ്ട് കാണുന്നില്ല? അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് - 'സം വെസ്റ്റഡ് ഇന്ററെസ്റ്റ് ബിഹൈൻഡ് ഇറ്റ്' എന്നുള്ളത്. നാലിലൊന്ന് ഉല്പാദിപ്പിക്കുന്ന ഈ പൊതുമേഖലാ സ്ഥാപനം പ്രൊഡക്ട് മിക്സ് മാറ്റണമെന്ന് പറയുകയും ബാക്കി രണ്ട് കമ്പനികളെക്കുറിച്ച് മിണ്ടാതിരിക്കുകയും ചെയ്യുകയെന്നത് ശരിയല്ല.

*തൊഴിലാളി സംഘടനാ നേതാവെന്ന നിലയിൽ നിങ്ങൾ എന്തുകൊണ്ട് മിണ്ടാതിരിക്കുന്നു?*

കേരളത്തിൽ ഇതിന്റെ യൂസേജ് നിരോധിച്ചോട്ടെയെന്ന് വേണമെങ്കിൽ ഞങ്ങൾക്ക് പറയാം. കാരണം ഞാനിപ്പോൾ ഇവിടെ എച്ച്.ഐ.എല്ലിലെ മാത്രം ഒരു യൂണിയൻ പ്രതിനിധി എന്നുള്ള അടിസ്ഥാനത്തിലോ അല്ലെങ്കിൽ ഈ വ്യവസായ മേഖലയിൽ ഇവിടുത്തെ ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കാൻ അവരിവിടെ വിറ്റഴിക്കുന്നില്ല എന്നുള്ളതുകൊണ്ട് ഇതിന്റെ എൻഡോസൾഫാന് തടസ്സമുണ്ടാകരുത് മറ്റവർ വിറ്റഴിക്കണം എന്നുള്ള നിലയിൽ വേണമെങ്കിൽ പറയാം. പക്ഷേ അങ്ങനെ പറയുന്നത് ശരിയല്ലല്ലോ? അതിനകത്ത് വിഷയമെന്താണെന്ന് വച്ചാൽ ഒന്ന് - കേരള കാർഷിക സർവ്വകലാശാലയടക്കം, ലോക ആരോഗ്യ സംഘടനയടക്കം നിർദ്ദേശിച്ചിട്ടുള്ള ഗൈഡ് ലൈനനുസരിച്ചുകൊണ്ടാണ് പെസ്റ്റിസൈഡ് ഉൽപാദിപ്പിക്കാൻ പാടുള്ളൂ. അതുക്കൊണ്ടിതുപോലെ പെസ്റ്റിസൈഡു പോലുള്ള സംഗതികൾ സ്വകാര്യ മേഖലയ്ക്ക് കൊടുക്കാൻ പാടില്ല എന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. അത് പൊതുമേഖലയിൽത്തന്നെ വേണം.

*അപകടകരമായിട്ടുള്ള ഒരു മാലിന്യം - അതിന്റെ പ്രൊഡക്ടു പോലും ഒരു മാലിന്യമാണ്. അപകടകരമാണ്. അങ്ങനെ ഒരു സാധനം പൊതുമേഖലയിലായാൽ പരിഹരിക്കാവുന്ന അത്ര ലളിതമാണോ?*

കാസർകോഡ് നിങ്ങൾ 35 വർഷത്തെ കാര്യം പറഞ്ഞു. എച്ച്.ഐ.എൽ. എന്ന കമ്പനി 1958 ൽ തുടങ്ങിയതാണ്. 1978 ലാണ് എൻഡോസൾഫാൻ ഇവിടെ ഉൽപാദിപ്പിക്കുന്നത്. ഇതേവരെ ഇതുപോലൊരു ജനിതക രോഗങ്ങളോ മറ്റുകാര്യങ്ങളോ എച്ച്.ഐ.എല്ലിലെ ഒരു കുടുംബത്തിനുണ്ടായിട്ടില്ലല്ലോ? അതുകൊണ്ടിതൊക്കെ ഒരു വിദഗ്ദ്ധ പരിശോധന വേണമെന്നാണ് ഞാൻ പറയുന്നത്. പൊതുമേഖലയിലാകാം, സ്വകാര്യ മേഖലയിലാകാൻ പാടില്ല എന്നു പറയുമ്പോൾ ആ കാര്യത്തിൽ കുറച്ചുകൂടി സയന്റിഫിക്കായിട്ടുള്ള തീരുമാനങ്ങൾ വേണം. വിദഗ്ദ്ധമായ പഠനം വേണം. എൻഡോസൾഫാൻ കാസർകോഡ് ജില്ലയിൽ തളിയ്ക്കുന്നതുകൊണ്ടുള്ള പാർശ്വഫലങ്ങളുള്ളതുകൊണ്ട് തളിയ്ക്കണോ വേണ്ടയോ എന്നുള്ള കമ്പനിയിൽ ട്രേഡ് യൂണി




യൻ ഇപ്പോൾ ഒപ്പിനിയൻ പറയുന്നില്ല.

*ഇപ്പോഴും നിലപാടെടുത്തിട്ടില്ലേ?*

തളിയ്ക്കണോ വേണ്ടയോ എന്നുള്ള വിവാദത്തിൽ ഞങ്ങൾ ഇടപെടുന്നില്ല. അത് എക്സ്പെർട്ട് കമ്മിറ്റിയോ കാര്യങ്ങളോ ഒക്കെ വീണ്ടും വിശദമായിട്ട് പരിശോധിക്കട്ടെ. അതിന് ലോക വ്യാപാര സംഘടന, മിനിസ്റ്ററി ഓഫ് എൻവയേൺമെന്റ് ആന്റ് ഫോറസ്റ്റ്, സുപ്രീം കോടതി മോണിറ്ററിങ് കമ്മിറ്റി, പൊലൂഷൻ കൺട്രോൾ ബോർഡ്, കേരള കാർഷിക സർവ്വകലാശാല ഇവരെല്ലാം ഒത്തു ഞാൻ പറയുന്നു. കേരള കാർഷിക സർവ്വകലാശാല ഇന്നും ഇതുപോലെ തോട്ടവിളകൾക്ക് ഏറ്റവും ബെസ്റ്റ് പെസ്റ്റിസൈഡായിട്ട് അവർ നിശ്ചയിച്ചിരിക്കുന്ന ഗൈഡ്‌ലൈനിൽ നിർദ്ദേശിച്ചിരിക്കുന്നത് എൻഡോസൾഫാനാണ്.

*അതുകൊണ്ടെന്ത്?*

അവർ ശാസ്ത്രജ്ഞന്മാരല്ലേ!

*ശാസ്ത്രജ്ഞൻമാർക്കബദ്ധം പറ്റില്ല എന്നാണോ നിങ്ങൾ പറയുന്നത്? അവിടുത്തെ ദുരന്തം നിങ്ങൾ വിശ്വസിക്കുന്നില്ലേ?*

അങ്ങനെ പറയുന്നില്ല. ഞങ്ങളിപ്പോൾ എച്ച്.ഐ.എല്ലിന്റെ എൻഡോസൾഫാൻ പ്രശ്നത്തിൽ പന്ന്യം രവീന്ദ്രൻ, ബിനോയ് വിശ്വം, പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ, പി. കരുണാകരൻ തുടങ്ങിയിട്ടുള്ളവരെ ഞങ്ങൾ കണ്ടു. മറ്റു പലരേയും കണ്ടിട്ടുണ്ട് - മുഖ്യമന്ത്രിയടക്കം. ഈ പ്ലാന്റിന്റെ പ്രശ്നത്തിൽ ഹെഡ് ഓഫീസ് ഇവിടുന്ന് ബോംബേയ്ക്ക് മാറ്റാനായിട്ട്, എൻഡോസൾഫാൻ പ്ലാന്റ് തന്നെ ബോംബേയ്ക്ക് മാറ്റാൻ വേണ്ടിയുള്ള നിർദ്ദേശം വന്നു. ഏഴര കോടി രൂപ സാംഗ്ഷൻ ചെയ്തിട്ടാണ് ഈ സാധനം ചെയ്തത്. ഇതുപോയി കഴിഞ്ഞാൽ അവിടുത്തെ 400 തൊഴിലാളികളുടെ പണി പോകുമെന്ന് മാത്രമല്ല ബാക്കി എച്ച്.ഐ.എൽ. എന്നു പറയുന്ന കമ്പനി പതുക്കെ മഹാരാഷ്ട്രയിലേക്ക് രാസായനയിലേക്ക് കൊണ്ടുപോകാൻ വേണ്ടി അവർ ലെറ്റർ തന്നു. കേന്ദ്ര രാസവളം മന്ത്രാലയത്തിൽ നിന്നും കടലാസു വന്നു. ഹെഡ് ഓഫീസ് ഇവിടെ വന്ന് ഇൻവെസ്റ്റ്മെന്റ് നിർത്തിവെയ്ക്കാൻ പറഞ്ഞു. ഇതിന്റെ റിവൈവൽ നടക്കുകയാണ്. കത്തു പിടിച്ചതിനു ശേഷം. പൊലൂഷൻ കൺട്രോൾ ബോർഡ് വന്നിട്ട് കർശനമായി അതിന്റെ നിർദ്ദേശങ്ങൾ വച്ചിട്ട് ചെയ്യാൻ വേണ്ടി തീരുമാനിച്ച്. ആ വർക്കിന് ഏഴര കോടി രൂപയുടെ പ്രോജക്ട് അംഗീകരിച്ചു വന്നു. അവസാനം ഇങ്ങനെ യൂസേജ് ബാൻ ചെയ്തതോടുകൂടി ഹെഡ് ഓഫീസ്, ആ സന്ദർഭമുപയോഗിച്ച് മാറ്റാൻ തീരുമാനിച്ചു. ഇത് ഇപ്പോൾ മാത്രമല്ല എച്ച്.ഐ.എല്ലിന് ഈ ഹിറ്റ് വന്നിരിക്കുന്നത്. എച്ച്. ഐ.എല്ലിനെ 98 ൽ സ്വകാര്യവൽക്കരിക്കാൻ വേണ്ടി തീരുമാനിച്ച സ്ഥാപനമാണ്. അന്ന് വലിയ അജിറ്റേഷനാണ് ഇവിടെ ഉയർന്നു വന്നത്. കേരള ഗവൺമെന്റ് പൂർണ്ണമായി ഇടപെട്ടുവെന്ന് മാത്രമല്ല അന്നേറ്റവും കൂടുതലതിനകത്ത് സെക്രട്ടേറിയേറ്റിനുമുമ്പിൽ വന്ന് നിയമസഭാ മാർച്ചിനകത്ത് എൻഡോസൾഫാനടക്കമുള്ള ഈ കീടനാശിനികൾ ഉൽപാദിപ്പിക്കുമ്പോൾ അതു പൊതുമേഖലയിലുല്പാദിപ്പിക്കാനും ശാസ്ത്രീയമായി അതിന്റെ ഡോസേജുകൾ പാലിച്ചുകൊണ്ടുല്പാദിപ്പിക്കാനേ കഴിയുകയുള്ളൂ എന്നുപറഞ്ഞുകൊണ്ട് ഈ പൊതുമേഖലാ വ്യവസായ സ്ഥാപനത്തെ സംരക്ഷിക്കണമെന്ന് പറഞ്ഞ് ആ സമ്മേളനം, ആ മാർച്ച്, സെക്രട്ടേറിയറ്റിനു മുമ്പിൽ 98 ൽ ഉദ്ഘാടനം ചെയ്തത് സഖാവ് വി.എസ്. അച്യുതാനന്ദനാണ്. ആ വി.എസ്. അച്യുതാനന്ദനടക്കം, ഇപ്പോൾ പറഞ്ഞത് കാസർകോഡ് മേഖലയിലുള്ള ഇഷ്യൂസ് വളരെ ലൈവ് ആണ്. ആ ലൈവ് ആയിട്ടുള്ള ഇഷ്യൂസിൽ അതിനെ സംബന്ധിച്ച വിശദമായിട്ടുള്ള പഠനം ഇനിയും ആവശ്യമാണ്. ഇത്തരം കാര്യങ്ങളിൽ ആവശ്യമായിട്ട് നിർദ്ദേശിക്കുന്ന ഡോസേജോ മെത്തേഡ്സോ പാലിക്കുന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് എനിക്ക് വളരെയധികം ഡൗട്ട് ഉണ്ട് എന്നാണദ്ദേഹം പറഞ്ഞത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് വി.എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രി തുടങ്ങിയ ആളുകളിപ്പോഴും ഡൗട്ട് പറയുന്നു കാർഷിക സർവ്വകലാശാല ഇപ്പോഴും റെക്കമൻഡ് ചെയ്യുന്നുവെന്ന് പറയുമ്പോ നമ്മുടെ വൃത്തത്തിൽ മാത്രം ഒതുങ്ങുന്ന ഒരു കേസല്ല. കുറച്ചു കൂടി വളരെ വിശദമായിട്ടുള്ളള ഒരു പഠനം ഇതിൽ വേണം. ഇന്ത്യയിൽ ഹൈദരാബാദ്, കൽക്കത്ത, വെസ്റ്റ് ബംഗാൾ, (ഇടതുപക്ഷം ഭരിയ്ക്കുന്ന കൽക്കത്ത-സിറ്റി മാത്രമല്ല, മിക്കവാറും അതിന്റെ ബാക്ക്‌വേഡായിട്ടുള്ള പാഡി ഫീൽഡ്സ് കംപ്ലീറ്റ്) കർണ്ണാടകം, മഹാരാഷ്ട്ര, ഗുജറാത്ത് - ഇവിടെയെല്ലാം ഈ എൻഡോസൾഫാൻ ഇഷ്ടം പോലെ വില്ക്കുന്നുണ്ടല്ലോ! എച്ച്.ഐ.എല്ലിൽ നിന്നു തന്നെ പോകുന്നുണ്ട്. 400 ടൺ, 1000 ടൺ വീതം പോകുന്നുണ്ട്. ബ്രസീലിൽ പോകുന്നുണ്ട്. ലോകത്ത് വിവിധ രാജ്യങ്ങളിൽ ആ സാധനം പോകുന്നുണ്ട്.

അവിടുന്നൊന്നും നമുക്ക്, ലോകവാർത്തകളൊക്കെ വരുന്നത് പരിസ്ഥിതി സംഘടനകൾക്കൊക്കെ ഒരു പാട് ഇഷ്യൂസ് ഉണ്ട്. കാസർകോഡ് മാത്രമാണ് ഇത്രയും സംഗതി വന്നിരിയ്ക്കുന്നത്. ആ ഇഷ്യൂസ് ഇല്ല എന്നല്ല പറയുന്നത്. നമ്മൾ നേരെ ഫോട്ടോ കാണുന്നു. അവിടെ പോയിട്ടുണ്ട് ഞങ്ങൾ. പോയി കണ്ടപ്പോൾ നമുക്ക് ബോദ്ധ്യം വന്നിരിയ്ക്കുന്നതാണ് സംഗതി ഇങ്ങനെ വന്നിരിയ്ക്കുന്നത്. പക്ഷേ അത് ഇതിന്റെ മാത്രം ഇഫക്ടാണോ, ഇനി ഇതിന്റെ ഇഫക്ടാണെങ്കിൽ തന്നെ അത് യൂസേജ് ചെയ്യേണ്ട പോലെ യൂസേജ് ചെയ്യാത്തതുകൊണ്ടാണോ ഈ സംഗതി വന്നിരിയ്ക്കുന്നതെന്ന് പരിശോധിയ്ക്കണമെന്നാണ് ഞാൻ പറയുന്നത്.

*ഇത്രയും വലിയ വിവാദമായ സംഗതിയിൽ തീരുമാനമെടുക്കാൻ പറ്റാത്ത തൊഴിലാളി സംഘടന?*

ഞങ്ങളിപ്പോൾ ഇൻഡസ്ട്രി, ഡെവലപ്മെന്റ്, എൻവിറോൺമെന്റൽ, എൻഡോസൾഫാൻ അടക്കമുള്ള വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പ് കഴിഞ്ഞ മാസം നിശ്ചയിച്ചതാണ്. ഡോ. യശോധരൻ എന്നു പറഞ്ഞയാളാണ്.

അദ്ദേഹം ഇപ്പോൾ അമേരിക്കയിലാണ്. അദ്ദേഹം വന്നിട്ട് ഇതിന്റെ ഒരു കീ പേപ്പർ വെയ്ക്കാൻ കാർഷിക യൂണിവേഴ്സിറ്റിയെ ബന്ധപ്പെട്ടിട്ടുണ്ട്, കൊച്ചി യൂണിവേഴ്സിറ്റിയെ ബന്ധപ്പെട്ടിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ ചെയ്യാൻ പോകുന്നുണ്ട്. അതിനകത്ത് വിദഗ്ദ്ധന്മാർ തന്നെ പറയണമല്ലോ. നമ്മൾ കയറി രാഷ്ട്രീയ വർത്തമാനം പറയുന്ന പോലെ എൻഡോസൾഫാനതാണ് ഇതാണ് എന്ന് പറഞ്ഞിട്ട് കാര്യമില്ലല്ലോ.

*മേജറായിട്ടുള്ള ഇൻഡസ്ട്രീസ് ഉണ്ട്. ആ വ്യവസായ സ്ഥാപനങ്ങൾ?*

ഒന്ന്, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ മേഖലയാണ് ഈ ആലുവ, ഇടയാർ, കളമശ്ശേരി വ്യവസായമേഖല. ഈ വ്യവസായമേഖലയുടെ കോൺട്രിബ്യൂഷൻ എന്നു വച്ചാൽ - ആലുവ, കളമശ്ശേരി, എടയാർ, അമ്പലമുകൾ ഇതെല്ലാം കൂടിച്ചേർന്നാൽ, ഏകദേശം 50000 ത്തോളം വരുന്ന ജോലിക്കാരിവിടെ വർക്ക് ചെയ്യുന്നുണ്ട്. ഡയറക്ട് എന്നുള്ള നിലയിൽ വേണമെങ്കിൽ പറയാം. അനുബന്ധമായിട്ട് എല്ലാം കൂടിച്ചേർന്ന് ഏതാണ്ട് ഒരു ലക്ഷത്തോളം വരുന്ന ജീവനക്കാരുണ്ട്. ഒരു വ്യവസായത്തെ കാണുമ്പോൾ - ഒരു അനുമിനിയം കമ്പനി കാണുമ്പോൾ അതിന്റെ ഫാബ്രിക്കേഷനും മറ്റു കാര്യങ്ങളുമൊക്കെയാണ് അനുബന്ധം എന്ന് പറയുന്നത്. ഇവിടെയും എടയാറും മാത്രം ചേർത്തെടുത്താൽ ഏകദേശം ഒരു 20000 ഓളമേ വരൂ. കാക്കനാടും അമ്പലമുകളുമെല്ലാം കൂടിച്ചേരുമ്പോഴാണ് ഇങ്ങനെ വരുന്നത്. മാത്രമല്ല ഈ വ്യവസായങ്ങൾ കൊടുക്കുന്ന സ്റ്റേറ്റ്, ഗവൺമെന്റിനുള്ള റവന്യൂ എന്നു പറയുമ്പോൾ, വില്പന നികുതി - ഏറ്റവും പ്രധാനമായിട്ട് വരുന്നതാണ്. പിന്നെ എക്സൈസ് ഡ്യൂട്ടി വരും. പ്രൊഫഷണൽ ടാക്സ് ഗ്രാമപഞ്ചായത്തുകൾ അടക്കം വരും. ഏലൂർ പഞ്ചായത്തിനെ ഏറ്റവും വലിയ സ്പെഷൽ ഗ്രേഡ് പഞ്ചായത്താക്കുന്നത് യഥാർത്ഥത്തിൽ ഇവിടുത്തെ വ്യവസായ സ്ഥാപനങ്ങളാണ്. അതെല്ലാം പോയിക്കഴിഞ്ഞാൽ പോയി. ഇവിടൊരു വ്യാപാര സമുച്ചയം വരുന്നുണ്ട്. ഏലൂരിന്റെ പേര് തന്നെ ഉദ്യോഗമണ്ഡൽ എന്നാണ്. ഉദ്യോഗമണ്ഡൽ എന്ന ആ പേരുണ്ടായത് ഈ വ്യവസായങ്ങളിൽ വന്ന് പണിയെടുക്കുക എന്നുള്ളതാണ്. ഓണക്കാലത്തും ക്രിസ്തുമസ്സിനും യഥാർത്ഥത്തിൽ എറണാകുളത്തെ വ്യാപാരമേഖലയിൽ കച്ചവടം നടക്കുന്നത് തൊഴിലാളികളുടെ ബോണസ്സുകൊണ്ടാണ്. ഇന്ന് തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരികയാണ്. ബോണസ്സില്ല. അപ്പോൾ എംപ്ലോയ്മെന്റ് പൊട്ടൻഷ്യലുണ്ട്, ഗവൺമെന്റിന്റെ എക്സ്ചെക്കറിലേക്കുള്ള റവന്യൂ ഉണ്ട്, പിന്നെ ഇൻഫ്രാസ്ട്രക്ചർ യൂട്ടിലൈസ് ചെയ്യുന്നതിന്റെ ഭാഗമായി, ഉദാഹരണത്തിന് കറന്റ് - 75 കോടി രൂപയാണ് അലുമിനിയം കമ്പനിയുടെ ഒരു വർഷത്തെ കറന്റ് ബില്ല്. ആ കമ്പനി 18 മാസമായിട്ട് പൂട്ടി കിടക്കുകയാണ്. അതിനർത്ഥം ഒരു വർഷം 75 കോടിയങ്ങ് പോയി എന്നല്ലേ! അത്രേം പവർ വേറെ എവിടെയെങ്കിലും നമ്മൾ യൂട്ടിലൈസ് ചെയ്യുന്നുണ്ടോ? അതുകൊണ്ട് ഇൻഫ്രാസ്ട്രക്ചർ ഒരു ഇൻഡസ്ട്രിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു സാധനമാണ്. അതും ഭയങ്കരായിട്ട് കൺസ്യൂം ചെയ്യുന്നവരാണ്. അതുപോലെ മാനുഫാക്ചറിങ്ങ് ഇൻഡസ്ട്രിയില്ലാതെ മലരും പൂവും തിന്നു മാത്രമിവിടെ ജീവിക്കണമെന്ന് പറഞ്ഞിട്ട് കാര്യമില്ല.


മലിനീകരണനിയന്ത്രണം
ഫാക്ടറികൾ അടച്ചുപൂട്ടിക്കൊണ്ടാകരുത്

ബി.എം.എസ്.

വ്യവസായങ്ങളെ സംരക്ഷിക്കുക
മലിനീകരണം നിയന്ത്രിക്കുക
ജയ് ജയ് ഭാരത് മാതാ

*വളരെ പ്രസക്തമായിട്ടുള്ളൊരു കാര്യമാണ് നിങ്ങൾ പറഞ്ഞത്. കേരളത്തിൽ നിർമ്മാണം, ഉല്പാദനം വളരെ കുറവാണെന്നും, അതുപോലെ വികസനം വേണ്ടത്രയില്ലായെന്നും അതേസമയം തന്നെ സർവ്വീസ് സെക്ടറും മറ്റും കാര്യങ്ങളും ആവശ്യത്തിലേറെ വികസിക്കുന്നുവെന്നുമുള്ള ഒരു കാര്യമുണ്ട്. ഒരു തൊഴിലാളി സംഘടനാ പ്രതിനിധിയെന്ന രീതിയിൽ പൂവും മലരും തിന്നു പോവാത്ത ഒരു മെച്ചപ്പെട്ട കേരളത്തിന്റെ ലക്ഷ്യത്തിലേക്ക് ഇതുപോലെയുള്ള അപകടകരമായ രാസവ്യവസായശാലകളല്ലാതെ നിലനില്പുള്ള, കുറെ കൂടി സ്ഥായീഭാവമുള്ള എന്തു സംഗതികളെ പറ്റിയാണ് നിങ്ങളുടെ ദീർഘവീക്ഷണം?*

എഫ്.എ.സി.റ്റി. അമോണിയം പ്ലാന്റ് ഇവിടെ സ്ഥാപിച്ചതിന്റെ ഭാഗമായിട്ടാണ് 600 കോടി രൂപയുടെ ബാദ്ധ്യത എഫ്.എ.സി.റ്റി.ക്ക് വന്നത്. അതെഴുതിത്തള്ളണമെന്നുള്ള നിലയിൽ സെൻട്രൽ ഗവൺമെന്റ് ഇപ്പോഴും, എല്ലാവരും എഫ്.എ.സി.റ്റി.യെ സംരക്ഷിക്കണമെന്ന് പറയുന്നതല്ലാതെ, കഴിഞ്ഞ ദിവസം മൻമോഹൻസിങ്ങ് വന്നിട്ടും സംരക്ഷിക്കുമെന്ന് പറഞ്ഞു. പക്ഷെ ഇതുവരെ തീരുമാനമുണ്ടാവുന്നില്ല. ഒരുപാട് ഗവൺമെന്റുകൾ മാറി മാറി വന്നു. കമ്പനിക്ക് ഈ ബാദ്ധ്യത വന്നു. യഥാർത്ഥത്തിലുള്ള പ്രശ്നമെന്താണ്? കൊച്ചി തുറമുഖത്തുള്ള അമോണിയ ടാങ്ക് പൊട്ടിയാൽ ഈ പ്രദേശം മുഴുവനും അപകടത്തിലായിപ്പോകുമെന്നുള്ളതായിരുന്നു പ്രശ്നം. അന്ന് ഹൈക്കോടതി ജഡ്ജിയാണ് അത് സംബന്ധിച്ച് ഉത്തരവിട്ടത്. കൃഷ്ണയ്യർ സാറിനെപ്പോലുള്ള ആളുകൾ ഹൈക്കോടതി മാർച്ചൊക്കെ നയിച്ച് അതവിടെ നിന്നും മാറ്റണമെന്ന് പറഞ്ഞു. ഇപ്പോൾ സുപ്രീം കോടതി 12 കൊല്ലം കഴിഞ്ഞപ്പോൾ, ലോകത്തെല്ലായിടത്തും ഉള്ള പോലെ തന്നെ ഈ തുറമുഖത്തിനാവാം എന്നായി. പ്ലാന്റ് ഇവിടെ സ്ഥാപിച്ചു പോയി. ലോകത്തെല്ലായിടത്തുമുണ്ട്. അപ്പോൾ കേരളത്തിൽ ഈ വ്യവസായ സ്ഥാപനങ്ങൾ, രാസവ്യവസായ സ്ഥാപനങ്ങൾ വേണോ എൻഡോസൾഫാനുൽപാദിപ്പിക്കണോ, മറ്റു മാരകമായിട്ടുള്ളതുവേണോ, അതോ കേരളത്തിന് ഫിറ്റായിട്ടുള്ള ഇൻഡസ്ട്രി വേണോ എന്ന് ചോദിച്ചാൽ പല പ്രശ്നങ്ങളിലും അതൊക്കെ നമുക്ക് വെറുതെയങ്ങ് ചർച്ച ചെയ്ത തീരുമാനങ്ങളിലെത്താൻ പറ്റുന്നതല്ല. ഇപ്പോൾ അണുനിലയത്തിനെതിരെ കേരളത്തിൽ ഭയങ്കരായിട്ട് പ്രക്ഷോഭ സമരങ്ങൾ വന്നു. തമിഴ്നാട്ടിൽ നട

ത്തുകയല്ലേ? കേരളത്തിൽ അണുനിലയം സ്ഥാപിച്ചാൽ കേരളം തകർന്നു പോകും, തമിഴ്നാട്ടിൽ സ്ഥാപിച്ചാൽ കേരളം തകർന്നു പോകില്ല എന്നു പറയുന്നതിലെന്താ കാര്യമുള്ളത്. ഇന്തോനേഷ്യയിൽ സുനാമി വന്നപ്പോൾ കേരളത്തിലടക്കം വന്നില്ലേ പ്രശ്നം!

*അതിനർത്ഥം തമിഴ്നാട് തകർന്നു പോകും, കേരളവും തകർന്നു പോകും. അതുകൊണ്ട് നമ്മുടെയെവിടെയും ആകാമെന്നാണോ ഉദ്ദേശിക്കുന്നത്?*

നമ്മുടെയവിടെ വികസനവുമായി ബന്ധപ്പെട്ട് കൊണ്ട് വേണം. നമ്മുടെ ആവാസ വ്യവസ്ഥയുടെയും ജനങ്ങളുടെയും സംരക്ഷണമെന്നു പറഞ്ഞാൽ, ഉൽപാദനം ഇല്ലാതെ ഏതാവാസ വ്യവസ്ഥയെയാണ് സംരക്ഷിക്കാൻ പോകുന്നത്?

*ഉൽപാദനമെന്ന് പറഞ്ഞാൽ വൻ വ്യവസായങ്ങൾ വേണമെന്നാണോ?*

ജനങ്ങൾക്കാവശ്യമായിട്ടുള്ള സംഗതികൾ വേണം. കൃഷി വേണമെങ്കിൽ പെസ്റ്റിസൈഡ് വേണം. രാസവളം ഉല്പാദിപ്പിക്കണം. അത് സ്വാഭാവികമായിട്ടും അപകടകരമായിട്ടുള്ള കാര്യങ്ങളാണ്.

*രാസവളവും കീടനാശിനിയും ഉപയോഗിക്കാത്ത ഒരു ദിശയിലേക്ക് ലോകം മൊത്ത കൃഷി...*

എസ്.ഒ.റ്റു. ഇവിടെ വന്നുകഴിഞ്ഞാൽ വൈകുന്നേരമായാൽ ശരിക്കും മൂടൽ മഞ്ഞു പോലെയാണ്. ഫോഗ് ലൈറ്റിട്ടില്ലാതെ മനുഷ്യൻ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും കാണില്ല. അതുകൊണ്ട് എഫ്.എ.സി.റ്റി. പൂട്ടണമെന്ന് പറയാൻ പറ്റുമോ?

*എന്തുകൊണ്ടു പറ്റില്ല?*

പറ്റില്ല. രാസവളം ഉൽപാദിപ്പിച്ചേ മതിയാകൂ, കാർഷിക മേഖലയ്ക്ക്.

*രാസവളം ഉപയോഗിച്ചുള്ള കൃഷിക്ക് ഭാവിയില്ലായെന്ന് തെളിഞ്ഞു കഴിഞ്ഞിരിയ്ക്കുന്നു. ഇപ്പോഴത്തെ ദിശ രാസകൃഷിയിൽ നിന്നും ജൈവകൃഷിയിലേക്കാണ്. അത് നമ്മളറിയാൻ വൈകിയെന്നാണെനിക്ക് തോന്നുന്നത്. ആ കാഴ്ചപ്പാട് കുറച്ചുകൂടി പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നാണെനിക്ക് പറയാനുള്ളത്.*

അത് പൂർണ്ണമായും യോജിക്കാൻ പറ്റുന്ന കാര്യമല്ല.

*ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റിയുടെയും സുപ്രീം കോടതി മോണിറ്ററിങ്ങ് കമ്മിറ്റിയുടെയും ബന്ധപ്പെട്ട ഒരു പഠനം നമ്മളിവിടെ സൂചിപ്പിച്ചു. നേരത്തെ സൂചിപ്പിച്ചതുപോലെ ആരോഗ്യമേഖലയിൽ ശരിക്കുള്ള ഇംപേക്ടെന്താണെന്നതിനെ സംബന്ധിച്ചുള്ള ശാസ്ത്രീയമായുള്ള പഠനം നടത്തേണ്ടതുണ്ടെന്നും പറയുകയുണ്ടായി. അങ്ങനെയുള്ള ഈ മേഖലയിൽ മൊത്തത്തിലുള്ള സുരക്ഷിതത്വത്തിനായി ശരിയായ പഠനത്തിനുള്ള മാനദണ്ഡം എന്തായിരിക്കണമെന്നതിനെ സംബന്ധിച്ച് എന്തെങ്കിലുമൊരു നിർദ്ദേശം ഉണ്ടോ? ട്രേഡ് യൂണിയനുകൾ സംഘടിതമായിട്ട് രൂപീകരിക്കാൻ ശ്രമിച്ചിട്ടുണ്ടോ?*

ട്രേഡ് യൂണിയനുകളുടെ അജണ്ടയിൽ ഈ പ്രശ്നം വളരെ സജീവമായി വന്നിട്ടുള്ളത് ഇപ്പോഴാണ്. അതുകൊണ്ട് അത് സംബന്ധിച്ച്, ഒന്ന്, ഈ ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റി പിരിച്ചുവിടണമെന്നൊന്നും ഞങ്ങൾ പറയുന്നില്ല. സുപ്രീം കോടതി മോണിറ്ററിങ്ങ് കമ്മിറ്റി വന്നതിനുശേഷം ഈ പ്രശ്നത്തിൽ സമൂഹത്തിൽ വളരെയധികം ഒരവബോധം കിട്ടിയിട്ടുണ്ട് - എങ്ങനെയാണ് ഈ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതെന്നതിനെ സംബന്ധിച്ച് അതിന് തീർച്ചയായും ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റിയെ സ്ട്രെങ്ങ്തൻ ചെയ്യണമെന്നുള്ളതിൽ തർക്കമില്ല. ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റിയെ സ്ട്രെങ്ങ്തൻ ചെയ്യുകയെന്നുവെച്ചാൽ അതിനകത്ത് ഇപ്പോൾ ഒഴിവാക്കിയ ട്രേഡ് യൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തിയാൽ അതു സ്ട്രെങ്ങ്തൻ ചെയ്തു എന്ന് ഞങ്ങൾ പറയുന്നില്ല. അതിനാവശ്യമായിട്ടുള്ള കോമ്പീറ്റന്റായിട്ടുള്ള ശാസ്ത്രജ്ഞന്മാർ വേണം വിദഗ്ദ്ധന്മാർ വേണം പരിസ്ഥിതി പ്രവർത്തകർ വേണം, എല്ലാവരും വേണം. യാതൊരു സംശയവുമില്ല. സാധാരണക്കാരായ പബ്ലിക്കിനു കുറെയേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. ഉദാഹരണത്തിന് പെരിയാർ - അവിടെ പച്ച വെള്ളം വന്നു, നീലവെള്ളം വന്നു എന്നു പറയുമ്പോൾ വെറുതെ പെരിയാറിലതു വരില്ലല്ലോ! അങ്ങനെയുള്ള അവിടുത്തെ മത്സ്യത്തൊഴിലാളിയാണ് അവിടുത്തെ മത്സ്യം ചത്തു എന്നു പറയുന്നത് അതിന്റെ സംഗതികൾ വേണം. എന്നാലേ മോണിറ്ററിങ്ങ് യഥാർത്ഥത്തിൽ നടക്കുകയുള്ളൂ. അവിടെ എല്ലാവരുടെയും ഒരു പാർട്ടിസിപ്പേഷൻ വേണം എന്നുള്ള കാര്യത്തിൽ ഇന്നുണ്ടാക്കിയിട്ടുള്ള കാഴ്ചപ്പാട് കുറച്ചു കൂടി ഒരു ബ്രോഡർ സെൻസിലും, അത് വളരെ ഡെലിബറേറ്റായിട്ട് ഏതെങ്കിലുമൊരു പ്രത്യേകമായിട്ടുള്ള ഇൻഡസ്ട്രിക്ക് എതിരെയോ അല്ലെങ്കിൽ വേറൊന്നിനും എതിരെ മാത്രമായിട്ട് വെസ്റ്റഡ് ഇന്ററസ്റ്റ് ആയിട്ടു പോകരുതെന്ന് മാത്രമേ പറയുന്നുള്ളൂ.

*അതിനകത്ത് നമുക്ക്*

ഇതിനകത്ത് അമിതമായിട്ടുള്ള കുറച്ച് താല്പര്യങ്ങളുണ്ട്. കാരണം മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിനു ഒരുപാട് കോടിക്കണക്കിനു രൂപയുടെ ഫണ്ടുണ്ട് - ഇന്ത്യയിൽ. അത് യഥാർത്ഥത്തിൽ ഫലപ്രദമായി നമ്മൾ യൂട്ടിലൈസ് ചെയ്തിട്ടില്ല. ഇപ്പോൾ യൂട്ടിലൈസ് ചെയ്യാൻ വരുമ്പോൾ സ്വാഭാവികമയിട്ടും, ഇപ്പോൾ ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റിയെന്നു പറഞ്ഞാൽ വളണ്ടറിയാണോ - വളണ്ടറിയല്ല. ഇപ്പോൾ പ്രൊഫ. സീതാരാമൻ സാറുമെല്ലാം നടത്തിക്കൊണ്ടിരിക്കുന്ന പഠനങ്ങളും പലതുമൊക്കെ മിക്കവാറുമുള്ളതിനൊക്കെ പ്രത്യേകമായിട്ടുള്ള സ്പോൺസർഷിപ്പുണ്ട്, എം.ഒ.ഇ.എഫിന്റെ പ്രത്യേകമായിട്ടുള്ള ധനസഹായങ്ങളൊക്കെയുണ്ട്. അപ്പോൾ വളണ്ടറിയായിട്ട് രാജ്യത്തെ സേവിക്കാൻ ചെയ്യുന്നുവെന്നൊന്നും പറയാൻ കഴിയില്ല. ഒരു ദിവസം 600 രൂപ വച്ചിട്ടാണ് പി.കെ. ഇബ്രാഹിം എന്ന അഡ്വക്കെറ്റിന് ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റിയുടെ ചെയർമാനെന്ന നിലയിൽ ലഭ്യമാകുന്നത്. 300 രൂപ വച്ചിട്ടാണ് അതിലോരോ അംഗത്തിനും ലഭ്യമാവുന്നത്. അവര് ഭക്ഷണം കഴിക്കാതെ വളണ്ടറിയായിട്ട് ഈ നാട് സേവിക്കണമെന്നൊന്നും ആരും പറയുന്നില്ല. പക്ഷേ, കേൾക്കുമ്പോൾ അതിന് പ്രത്യേകമായൊരു ഇത് വരുന്നുണ്ട്.

*അങ്ങനെ ഫണ്ട് ലഭിച്ചാലെന്താണ് കാര്യം?*

അത് യഥാർത്ഥത്തിൽ ഉപയോഗിക്കണമെന്ന് പറയുമ്പോൾ ആ ഫണ്ട് മിനിസ്റ്ററി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റ്, എം.ഈ.ഒ.എഫ്. എന്നു പറയുന്നതും

എൽ.ഐ.ഇ.സി. എന്നു പറയുന്നതും ഒരു പ്രത്യേകം നല്ലൊരു കൺസെപ്റ്റിലല്ലേ സാധനം കൊണ്ടുവന്നിരിക്കുന്നത്. അതു പ്രത്യേകമായിട്ട് ചിലരുടെ ഉപജീവനത്തിന്റെ മാർഗ്ഗം മാത്രമായിട്ട് മാറാൻ പാടില്ല. ഞാനതു ചീപ്പായിട്ടു പറയുകയല്ല.

*ഇപ്പോഴത്തെ കമ്മിറ്റിയെക്കുറിച്ചങ്ങനെ പറയാൻ പറ്റുമോ?*

പിന്നെ, ഇപ്പോഴത്തെ കമ്മിറ്റിയിൽ അങ്ങനെയല്ലേ നടന്നുകൊണ്ടിരിക്കുന്നത് പലതും.

*ഉത്തരവാദിത്തം നിർവ്വഹിക്കുന്നില്ല എന്ന പരാതിയുണ്ടോ?*

പിന്നെ, ഭയങ്കരമായിട്ടുണ്ട്. കൃത്യമല്ലല്ലോ!

*എന്തെങ്കിലും തൃപ്തിയില്ലായ്മ. അല്ലെങ്കിൽ എന്തൊക്കെ പോരായ്മകളാണ് പരിഹരിച്ചാൽ നന്നാക്കുകയെന്ന സജഷൻസ് പറയാൻ പറ്റുമോ?*

അത് കുറച്ചുകൂടി കോമ്പീറ്റൻസ് ആയിരിക്കണമെന്ന നിലയിൽ ഒരു കാഴ്ചപ്പാടുണ്ടാകണം.

*പ്രാദേശിക പരിസ്ഥിതി കമ്മിറ്റി എന്നു പറയുമ്പോൾ അവർക്ക് ശാസ്ത്രജ്ഞന്മാരുണ്ട്, ഈ രംഗത്ത് 10–20 വർഷമായി വർക്ക് ചെയ്തിരുന്നവരുണ്ട്, നിയമ വിദഗ്ദ്ധരുണ്ട്.*

ശാസ്ത്രജ്ഞന്മാരുടെ പാനലാരുണ്ടാക്കിയതാ? എവിടുന്നുണ്ടാക്കിയതാ? ഇവരീ പുരുഷൻ ഏലൂരും അതുപോലെ കുഞ്ഞൂഞ്ഞും ഇവരെല്ലാവരും കൂടെ ചർച്ച ചെയ്തുണ്ടാക്കുന്നതാണോ?

ക്ലോഡ് അൽവാരിസെന്നു പറയുന്ന അദ്ദേഹത്തിനു ചില പ്രത്യേക താല്പര്യങ്ങളുണ്ട്. അദ്ദേഹത്തിന് ഗ്രീൻപീസ് പോലുള്ള ചില സാർവ്വദേശീയമായിട്ടുള്ളള എൻ.ജി.ഒ. സംഘടനകളുമൊക്കെയായിട്ട് നല്ല ബന്ധമുണ്ട്. അദ്ദേഹത്തിന് ചില പ്രത്യേക താല്പര്യങ്ങളുള്ളതു കൊണ്ടു തന്നെ ബോധപൂർവ്വം അദ്ദേഹത്തെ ഉപയോഗപ്പെടുത്തികൊണ്ട്, സ്കീസ് ചെയ്തുകൊണ്ടാണ് ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റി കുറച്ചു പേരുടെ മാത്രം ഒരു കോൺഫിഡൻഷ്യൽ ആയിട്ടുള്ള ഒരു കമ്മിറ്റിയായിട്ട് അത് മാറിയത്. ജനങ്ങളോടു കുറച്ചുകൂടി വിശ്വാസ്യതയുണ്ടായിരിക്കണം ഈ കമ്മിറ്റിക്ക്.

*കഴിഞ്ഞ 35 വർഷമായിട്ട് പ്രശ്നങ്ങൾ പലതുമുണ്ടായിട്ടും, വേണ്ടത്ര എവെയർ ആയിരുന്നില്ല എന്നും ഇനി മുതൽ ഞങ്ങൾ കൂടുതൽ ശ്രദ്ധാലുക്കളാവുമെന്നും പറഞ്ഞു.*

ഞങ്ങൾ മാത്രമല്ല. ഉദാഹരണത്തിന് ഒരു കാര്യം പറയാം. കുഴിക്കണ്ടം എന്ന തോടു ക്ലീൻ ചെയ്യണം. ഞങ്ങളുടെയും അഭിപ്രായമാണ്. ഇതിനുമുമ്പ് ആരും അങ്ങനെ പറഞ്ഞിരുന്നില്ല. ഇപ്പോൾ കുഴിക്കണ്ടത്ത് പോയി തപ്പിനോക്കിക്കഴിഞ്ഞാൽ ഈ എഫ്ളുവന്റ് ട്രീറ്റ്മെന്റ് സിസ്റ്റമൊക്കെ ഏതു സ്ഥാപനത്തിലും - ഈ വൻകിട സ്ഥാപനങ്ങളിലൊക്കെ വന്നത് ഏത് കാലത്താണ് ? 1970 ന് ശേഷമുള്ള കാലങ്ങളിലാണ്. അതിനുമുമ്പ് അതൊന്നുമുണ്ടായിരുന്നില്ല. ഒരു കർശനമായ ചട്ടമൊന്നുമുണ്ടായിരുന്നില്ല ഇവിടെയൊന്നും. അതുകൊണ്ട് ഉള്ള മൂലകങ്ങൾ മുഴുവൻ ഇപ്പോൾ ആക്കി നമ്മൾ ഒരു കോലിട്ടു കുത്തിക്കഴിഞ്ഞാൽ, അളന്നു കഴിഞ്ഞാൽ ഒരുപാടു സംഗതികളുണ്ടാവും. പലരും പറയുന്നുണ്ടല്ലോ പഠനങ്ങൾ നടത്തിയിട്ട് 100 മൂലകങ്ങൾ കണ്ടു എന്നു പറയുന്നുണ്ട്. സ്വാഭാവികമായിട്ടും അതെടുത്ത് മാറ്റാൻ തന്നെ മാർഗ്ഗമില്ല. ഇപ്പോൾ അതുപോലെ വരില്ല. പഴയതു കിടക്കുന്നതിങ്ങനെ കിടക്കുകയാണവിടെ. അതിൽനിന്നും ചെറിയ റിയാക്ഷൻസും പ്രശ്നങ്ങളും ഉണ്ടാവുകയാണ്.

*30–35 വർഷമായിട്ട് ഈ സംഗതികൾ നടന്നിട്ടുണ്ട്. അതിനെപ്പറ്റി നിങ്ങൾ പറഞ്ഞതുപോലെ മുന്നറിയില്ലായിരുന്നു. അതുകൊണ്ട് ഇനിമുതൽ ഉത്തരവാദിത്തം വഹിക്കുമെന്ന് പറയുന്നു. ഒരിക്കൽപോലും ഒരു പരിസ്ഥിതി പ്രശ്നമുന്നയിച്ച്, ആരോഗ്യ പ്രശ്നമുന്നയിച്ച് അപകടകരമായ മാലിന്യങ്ങൾ ഉയർത്തുന്ന പ്രശ്നം ഉന്നയിച്ചിട്ട് ഒരു സമരമോ ഒരു ധർണ്ണയോ അല്ലെങ്കിൽ കമ്പനി മാനേജ്മെന്റിനെ നിർബന്ധിക്കുന്ന രീതിയിലുള്ള ഒരു സമ്മർദ്ദമോ തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഒരിക്കൽ പോലും ജനങ്ങളോടും മറ്റു സാധാരണക്കാരോടും നീതി പുലർത്താത്ത, തൊഴിലിന്റെ പേരിൽ നീതി പുലർത്താത്ത ട്രേഡ് യൂണിയൻ സംഘടനകളെ എങ്ങനെ വിശ്വസിക്കാൻ പറ്റും? (നേരത്തെ പറഞ്ഞു ലോക്കൽ ഏരിയ കമ്മിറ്റിയെ വിശ്വസിക്കാൻ പറ്റില്ല എന്ന്) പക്ഷേ അതുപോലെ തന്നെ ഞങ്ങളെങ്ങനെ നിങ്ങളെ വിശ്വസിക്കും, ജനങ്ങളെങ്ങനെ വിശ്വസിക്കും?*

ഒരു ഫ്രണ്ട്‌ലി റിലേഷൻഷിപ്പുണ്ടാക്കാതെ മാർഗ്ഗമില്ല എന്നാണ് ഞാൻ പറഞ്ഞത്. ഞാനാദ്യം പറഞ്ഞുവല്ലോ, ഇവിടുന്ന് വായു മലിനമായിട്ടാണ് വരുന്നത്. അതുകൊണ്ട് ഈ കമ്പനി പൂട്ടണമെന്ന് പറയുവാൻ ലോക്കൽ ഏരിയ മോണിറ്ററിങ്ങ് കമ്മിറ്റിക്ക് എളുപ്പമാവും. വേറെ ഒന്നും ആലോചിക്കേണ്ട കാര്യമില്ല. അതേപോലെ അവരുടെ ഒപ്പം നിന്നിട്ട് അത് പൂട്ടണമെന്ന് പറയുവാൻ ട്രേഡ് യൂണിയനുകൾക്ക് ചില പരിമിതികളുണ്ട്. ആ പരിമിതി അംഗീകരിക്കുന്നു. അവ കുറവാണെങ്കിലും തെറ്റാണെങ്കിലും എന്താണെങ്കിലും പരിമിതി ഉണ്ട്. പഴയപോലെ പറയുവാൻ കഴിയില്ല. അതുകൊണ്ട് വ്യവസായ പ്രവർത്തനങ്ങളെന്തും പോകണമെന്നു പറഞ്ഞാൽ ഞാൻ ചോദിക്കട്ടെ ഈ ലോക്കൽ പബ്ലിക്കെന്ന് പറയുന്നത്, ഇവിടത്തെ ക്വാർട്ടേഴ്സുകൾ, ഒരു വ്യവസായത്തിന്റെ തൊട്ടടുത്തായിരിക്കും ക്വാർട്ടേഴ്സ് ഉണ്ടാകുന്നത്. എന്തുകൊണ്ടാണ് ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നത് കമ്പനികൾ. തൊഴിലാളികൾക്ക് വേറെ വീടുണ്ടാക്കി കൊടുത്തുകൂടെ - അല്ല. അതിനെ റൗണ്ട് ദി ക്ലോക്ക് ആയി സ്ഥാപനം വർക്ക് ചെയ്യാനായി, വളരെയെളുപ്പമെങ്കിൽ ആളെക്കിട്ടാൻ വേണ്ടിയാണ്. ഈ പരിസര മലിനീകരണം എന്ന് പറയുന്ന ഈ ആളുകൾ ഈ തൊഴിലാളികൾ തന്നെയല്ലേ! അതേ ... തൊഴിലാളികളും തൊഴിലാളികളുടെ കുടുംബവും അല്ലേ!....

*(തുടരും)*





**സ്നേഹയാനം**
**A Way of Life**

മലയാളം ഡോക്യുമെന്ററി
33 മി./2004/വി.സി.ഡി.
സംവിധാനം :
മുസ്തഫ ദേശമംഗലം
ഫോൺ : 04933 223696,
9447629388